# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉദയഗിരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ/കെഎൻ ആർ /സി12-939/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 25/07/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദയഗിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ/കെഎൻ ആർ /സി12-939/2022 തീയ്യതി: 25/07/2022

## കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 22-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 23-06-2022 | 29-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-06-2022 | 29-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രമണി കിഴക്കീൽ,ഓഡിറ്റ് ഓഫീസർ(ഹ ഗ്രേ)
ശ്രീ.ഷഹീൻ പി , അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ധന്യ.എം.വി, ഓഡിറ്റർ
ശ്രീമതി.അന്ന അബ്രഹാം,ഓഡിറ്റർ
ശ്രീ.ശ്രീനാഥ്.വി ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനി മാത്യു | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| ശ്രീ.കെ.എസ് .ചന്ദ്രശേഖരൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ജോർജ്ജ്.ഒ.എം | സെക്രട്ടറി | 01-04-2020 | 28-07-2020 |
| ശ്രീ.ബിന്ദു വർഗ്ഗീസ് | സെക്രട്ടറി | 29-07-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ഷൈലജ വർമ്മ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ.സൗമ്യ മാത്യു | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 25-01-2021 |
| ഡോ.നീമ.പി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 26-01-2021 | 31-03-2021 |
| ശ്രീ.ത്രുപേഷ്.ടി | അസ്സിസ്റ്റന്റ് എഞ്ചിനീയർ, | 01-04-2020 | 31-03-2021 |
| ശ്രീമതി.സജന കായക്കീൽ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.സുരേന്ദ്രൻ.ടി.വി | വി.ഇ.ഒ ,ഉദയഗിരി സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി.ആതിര .സി.ടി | വി.ഇ.ഒ ,മണക്കടവ് സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീ.സാബു.കെ .സി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.അൽഫോൺസ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.അനൂപ് ആർ.എൽ. | കൃഷി ഓഫീസർ | 01-04-2020 | 17-09-2020 |
| ശ്രീമതി രാഗിഷ രാംദാസ് | കൃഷി ഓഫീസർ | 18-09-2020 | 31-03-2021 |
| ശ്രീ.ബിജോയ് വർഗ്ഗീസ് | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീ.സതീഷ് കുമാർ വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

11-11-2020 മുതൽ 30-12-2020 വരെ കൃഷി ഓഫീസർ,അസിസ്റ്റൻറ് എഞ്ചിനീയർ,സെക്രട്ടറി എന്നിവരടങ്ങിയ ഭരണ നിർവ്വഹണ കമ്മിറ്റിയാണ് ഭരണ സമിതിയുടെ ചുമതല വഹിച്ചിരുന്നത്.

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Remani Kizhakkeel (Audit Officer, On 28-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Remani Kizhakkeel (Audit Officer, On 28-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 30-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Remani Kizhakkeel (Audit Officer, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Shaheen.P (Asst. Audit Officer, On 01-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 29-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Remani Kizhakkeel (Audit Officer, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി-അപാകങ്ങൾ<br>Written By: Anu Abraham (Auditor, On 29-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 1-6(1) |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Remani Kizhakkeel (Audit Officer, On 29-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 1-7 |
| 10 | മരണശേഷവും പെൻഷൻ തുക അനുവദിച്ചു<br>Written By: SREENATH V (Auditor, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-7-1 |
| 11 | ക്യാഷ് പരിശോധന<br>Written By: Remani Kizhakkeel (Audit Officer, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Remani Kizhakkeel (Audit Officer, On 29-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 1-9 |
| 13 | തുക പിൻവലിച്ചതിന്റെ വിശദാംശങ്ങൾ ബാങ്ക് ബുക്കിൽ ലഭ്യമായിട്ടില്ല<br>Written By: SREENATH V (Auditor, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-10 |
| 14 | 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടത്തെ നികുതിയിൽ നിന്ന് ഒഴിവാക്കി<br>Written By: SREENATH V (Auditor, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-11 |
| 15 | വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് - സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.<br>Written By: SREENATH V (Auditor, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-12 |
| 16 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ വ്യത്യാസം<br>Written By: SREENATH V (Auditor, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-13 |

| | | |
|---|---|---|
| 17 | അനധികൃത കെട്ടിട നിർമ്മാണം - അപാകങ്ങൾ<br>Written By: SREENATH V (Auditor, On 29-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 1-14 |
| 18 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല<br>Written By: SREENATH V (Auditor, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-15 |
| 19 | മൊബൈൽ ടവർ പെർമിറ്റ് നൽകിയത് - അപാകം<br>Written By: SREENATH V (Auditor, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-16 |
| 20 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്ക വരുത്തിയതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-17 |
| 21 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 29-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 1-18 |
| 22 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-19 |
| 23 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്<br>Written By: SREENATH V (Auditor, On 29-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 1-20 |
| 24 | ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: SREENATH V (Auditor, On 29-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 1-21 |
| 25 | മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 29-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 1-22 |
| 26 | തെരുവ് വിളക്ക് വാങ്ങൽ സ്റ്റോക്കിലെടുത്തതിന്റെയും,സ്ഥാപിച്ചതിന്റേയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.228040 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു<br>Written By: Remani Kizhakkeel (Audit Officer, On 30-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 1-23 |
| 27 | തെരുവ് വിളക്ക് എ എം സി-അപാകതകൾ ചെലവു തുക 60000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Remani Kizhakkeel (Audit Officer, On 30-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 1-24 |
| 28 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കലും മീറ്റർ സ്ഥാപിക്കലും രേഖകളുടെ അഭാവത്തിൽ ചെലവ് തുക 273524 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Remani Kizhakkeel (Audit Officer, On 30-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 1-25 |
| 29 | സ്കൂൾ വിദ്യാർത്ഥികൾക്ക് വാട്ടർബോട്ടിൽ വിതരണം-പദ്ധതി/സബ്സിഡി മാർഗ്ഗരേഖകളിൽ പരാമർശമില്ല-₹1,80,000 തടസ്സപ്പെടുത്തുന്നു.<br>Written By: Anu Abraham (Auditor, On 29-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 1-26 |
| 30 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി –അധികം തുക അനുവദിച്ചു<br>Written By: SREENATH V (Auditor, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-27 |
| 31 | ഉദയഗിരി സാസ്കാരിക നിലയം വയറിംഗ് റീവയറിംഗ് ടെണ്ടർ കുറവ് ഈടാക്കിയിട്ടില്ല. 4309 രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 30-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 1-28 |
| 32 | മുതുശ്ശേരി സേവാഗ്രാം വയറിംഗ് ടെണ്ടർ കുറവ് ഈടാക്കിയിട്ടില്ല. 2195 | 1-29 |

| | | |
|---|---|---|
| | ചെലവ് നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 30-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | |
| 33 | മാവൂതട്ട് കമ്മ്യൂണിറ്റിഹാൾ അറ്റകുറ്റപണി വയറിംഗും റീവയറിംഗും ടെണ്ടർ കുറവ് ഈടാക്കിയിട്ടില്ല. 3789 ചെലവ് നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 30-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 1-30 |
| 34 | കമ്പ്യൂട്ടർ, ലാപ്പ്ടോപ്പ്, മറ്റ് ഉപകരണങ്ങൾ വാങ്ങൽ അപാകങ്ങൾ . 5760 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 30-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-31 |
| 35 | മണക്കടവ് പി.എച്ച്.സി. വയറിംഗും റീവയറിംഗും ടെണ്ടർ കുറവ് ഈടാക്കിയിട്ടില്ല 5,288 രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 30-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 1-32 |
| 36 | കരാർ ചമക്കുന്നതിന് കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.<br>Written By: Shaheen.P (Asst. Audit Officer, On 30-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 1-33 |
| 37 | ആസ്തിരജിസ്റ്റർ കാലികമാക്കൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: Shaheen.P (Asst. Audit Officer, On 30-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 1-34 |
| 38 | ന്യൂട്രിമിക്സ് സാമ്പിൾ - ലാബ് പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല<br>Written By: Dhanya.M.V (Auditor, On 29-06-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 30-06-2022) | 1-35 |
| 39 | ഐ കെ എം വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Remani Kizhakkeel (Audit Officer, On 30-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 1-36 |
| | **ഭാഗം 2** | |
| 1 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകതകൾ<br>Written By: Pramodan Anchantavida (Computer Assistant, On 20-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | 2-1 |
| 2 | മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിലെ അപാകതകൾ<br>Written By: Pramodan Anchantavida (Computer Assistant, On 20-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | 2-2 |
| | **ഭാഗം 3** | |
| 1 | മണക്കടവ് പി.എച്ച്.സി. വയറിംഗും റീവയറിംഗും ടെണ്ടർ കുറവ് ഈടാക്കിയിട്ടില്ല 5,288 രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 30-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 3-1 |
| 2 | മാവൂതട്ട് കമ്മ്യൂണിറ്റിഹാൾ അറ്റകുറ്റപണി വയറിംഗും റീവയറിംഗും ടെണ്ടർ കുറവ് ഈടാക്കിയിട്ടില്ല. 3789 ചെലവ് നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 30-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 3-2 |
| 3 | ഉദയഗിരി സാസ്കാരിക നിലയം വയറിംഗും റീവയറിംഗും ടെണ്ടർ കുറവ് ഈടാക്കിയിട്ടില്ല. 4309 രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 30-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 3-3 |
| 4 | മുതുശ്ശേരി സേവാഗ്രാം വയറിംഗ് ടെണ്ടർ കുറവ് ഈടാക്കിയിട്ടില്ല. 2195 ചെലവ് നിരാകരിക്കുന്നു. | 3-4 |

| | | |
|---|---|---|
| | Written By: Shaheen.P (Asst. Audit Officer, On 30-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | |
| 5 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി –അധികം തുക അനുവദിച്ചു<br>Written By: Pramodan Anchantavida (Computer Assistant, On 20-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 3-5 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 29-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 29-06-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 29-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Remani Kizhakkeel (Audit Officer, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Remani Kizhakkeel (Audit Officer, On 29-06-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 29-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Remani Kizhakkeel (Audit Officer, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Remani Kizhakkeel (Audit Officer, On 29-06-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 29-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 29-06-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 29-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 29-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Remani Kizhakkeel (Audit Officer, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Receipts & Payments Statement | |
| 4 | Income And Expenditure | |
| 5 | BALANCE SHEET | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഉദയഗിരി ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് 17-03-2020 തീയ്യതിയിലെ ഭരണ സമിതി തീരുമാനം നമ്പർ 1/145/2020തീരുമാന പ്രകാരം അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു. പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല

| ബജറ്റ് | | തീരുമാനം& തീയതി |
|---|---|---|
| മുന്നിരിപ്പ് | 1675870 | തീയതി 17-03-2020 തീരുമാനം നമ്പർ 1/145/2020 |
| വരവ് | 251283000 | |
| ആകെ | 252958870 | |
| ചെലവ് | 251002800 | |
| നീക്കിയിരിപ്പ് | 1956070 | |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 17-08-2021 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- 31-03-2021-ന്റെ ബാങ്ക് റീക്കൺസിലിയേഷനിൽ ക്രമീകരിച്ച തുകയിൽ വ്യക്തത ഇല്ല.

(എ) ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ട് ആലക്കോട് സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് ആക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. (നമ്പർ 2002000740) ബാങ്ക് ബുക്ക് നീക്കിയിരിപ്പ് പാസ്ബുക്ക് നീക്കിയിരിപ്പുമായി 22,20,368 രൂപയുടെ വ്യത്യാസം കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Bank Book Balances As On 31-03-2021 | 5,052,572.00 |
| Add Cheque Issued But Not Presented Into Bank (P) | 4,947,414.00 |
| Directly Credited By Bank | 911,665.00 |
| Cash Or Cheque Withdrawal | 82,311.00 |
| Less Cheque Deposited But Not Cleared | 755,758.00 |
| Directly Debited By Bank | 2,263,151.00 |
| Cash Or Cheque Deposited | 702,113.00 |
| Passbook Balance | 7,272,940.00 |

ക്രമീകരിച്ച തുകകൾ ഏതെല്ലാം ഇനത്തിലുള്ളതാണെന്ന് ഇനം തിരിച്ച് വിശദമാക്കിയിട്ടില്ല.

(ബി) ഗ്രാമപഞ്ചായത്തിലെ എസ് ബി ഐ കരുവൻചാൽ ഈ പേയ്മെന്റ് അക്കൗണ്ട് ആക്കൗണ്ട് KARUVANCHAL (67394724073) റീകൺസിലിയേഷൻ പ്രകാരം ബാങ്ക് ബുക്ക് നീക്കിയിരിപ്പ് പാസ്ബുക്ക് നീക്കിയിരിപ്പുമായി 21,27,857 രൂപയുടെ വ്യത്യാസം കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

SBI E Payment Current A/C 4073 KARUVANCHAL( 67394724073 )

| | |
|---|---|
| Bank Book Balances As On 31-03-2021 | 494,199.00 |
| Add Cheque Issued But Not Presented Into Bank (P) | 1,043,957.00 |
| Directly Credited By Bank | 1,383,881.00 |
| Cash Or Cheque Withdrawal | 2,401.00 |
| Less Cheque Deposited But Not Cleared | 11,171.00 |
| Directly Debited By Bank | 291,211.00 |
| Passbook Balance | 2,622,056.00 |

ക്രമീകരിച്ച തുകകൾ ഏതെല്ലാം ഇനത്തിലുള്ളതാണെന്ന് ഇനം തിരിച്ച് വിശദമാക്കിയിട്ടില്ല.

2- വികസനഫണ്ട് ജനറൽ ചെലവ് പത്രിക പ്രകാരം ജി ഒ പ്രോജക്ടുകൾ ഉൾപ്പെടെയുള്ള ചെലവ് 14615521 രൂപയാണ്. എന്നാൽ I-6 പ്രകാരം 14604325 രൂപയാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

3- വികസനഫണ്ട് ജനറൽ ചെലവ് പത്രിക പ്രകാരം ജി ഒ പ്രോജക്ടുകൾ ഒഴികെയുള്ള ചെലവ് 12949729 രൂപയാണ്. എന്നാൽ RP- 7 പ്രകാരം 12938533 രൂപയാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

4 – മെയിന്റനൻസ് ഫണ്ട് (റോഡിതരം) ചെലവ് പത്രിക പ്രകാരം ആകെ ചെലവ് 44,60,425 രൂപയാണ്. തുക മുഴുവനായും RP-7 ഷെഡ്യൂളിൽ കാണിക്കുന്നതിന് പകരം 23,37,281 രൂപ RP-7 ഷെഡ്യൂളിലും, 2123,144 രൂപ RP- 30 ഷെഡ്യൂളിലുമാണ് വരവ് കാണിച്ചത്.

5- 31-03-2020 ലെ പഞ്ചായത്ത് ഫണ്ട് നീക്കിയിരിപ്പ് ₹90,10,290 (ബി-1 ഷെഡ്യൂൾ 2019-20) തൻവർഷ ഡഫിസിറ്റ് (-)1,20,05,439 രൂപ കുറച്ചാൽ ലഭിക്കുന്ന തുക (-)29,95,149 രൂപയാണ്. ഇതിന് പകരം 31-03-2021 ലെ പഞ്ചായത്ത് ഫണ്ട് നീക്കിയിരിപ്പായി കാണിച്ചത് (-) 1,12,91,198 (ബി-1 ഷെഡ്യൂൾ 2020-21) രൂപയാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

6- സംയുക്തപദ്ധതികൾക്കായി ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവയിൽ വിനിയോഗിക്കാത്ത തുകകൾ B-4 ഷെഡ്യൂളിൽ കാണിക്കുന്നതിന് പകരം ബി - 3 റിസർവ്സിലാണ് ഉൾപ്പെടുത്തിയത്.

7- വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

(എ) റേഷ്യോസ്,

(ബി) പ്രധാനപ്പെട്ട അക്കൌണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ

8- എല്ലാ ബാങ്ക് അക്കൌണ്ടുകളുടെയും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്, ബാങ്ക് പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുമായി പ്രതിമാസം പൊരുത്തപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

9- പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക കാലാവധി "കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)"എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

10- ബാങ്ക് പാസബുക്ക് പ്രകാരം എം പി ഫണ്ട് നീക്കിയിരിപ്പ് ഇല്ല. എന്നാൽ ബി-4 ഷെഡ്യൂൾ കോഡ് - 320300306 ൽ 4,09,010രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. ഭവനനിധി അക്കൗണ്ടിൽ (കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നമ്പർ 40507101019908) 422458 രൂപ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

11-ആസ്തി മൂല്യം , ഡിപ്രീസിയേഷൻ ഇവ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി

ഹാജരാക്കിയിട്ടില്ല.

12- B-18 (Loans, Advances Deposits, Head 460100101) ഷെഡ്യൂൾ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 14,000 തിരികെ ലഭിക്കുന്നതിന് അവശേഷിക്കുന്നുണ്ട് . ആരിൽ നിന്നാണ് തുക തിരികെ ഈടാക്കാനുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല.

13- B-9 (Other Liabilities, Head 350200115) ഷെഡ്യൂൾ Recoveries Payable - Dues To Other Local Government Institutions 14,000 ആരിൽ നിന്ന് ഈടാക്കി ഏത് സ്ഥാപനത്തിൽ ഒടുക്കാനുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

14- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എം ഐ എസ് റിപ്പോർട്ട് പ്രകാരമുള്ള ആകെ ചെലവ് 5,98,88,451 രൂപയാണ്. വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റിച്ചർ I 14 C ഷെഡ്യൂളിൽ ചേർത്ത ചെലവ് 68,160,393 രൂപയാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

15- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവിന് തനത് ഫണ്ടിൽ നിന്ന് മുൻകൂർ നൽകി തിരികെ ലഭിക്കാനുള്ള തുക കാഷ് ബുക്ക് പ്രകാരം 638795 രൂപയാണ് എന്നാൽ വാർഷികകണക്കിൽ B-18 ശീർഷകത്തിൽ കാണിച്ചത് 668309 രൂപയാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

16- Loans & Advance ശീർഷകത്തിൽ കാണിച്ച താഴെ പറയുന്ന നീക്കിയിരിപ്പ് ഏതാണെന്ന് വ്യക്തമല്ല.

| ശീർഷകം | ഇനം | തുക |
|---|---|---|
| 460100199 | Other Advances | 2,33,812.00 |

17-ഗ്രാമപഞ്ചായത്തിൽ 23-09-2020 ലാണ് ILGMS ആരംഭിച്ചത്. ബാലൻസ് ഷീറ്റിൽ 22-09-2020 ലെ സാംഖ്യയിലെ നീക്കിയിരിപ്പിൽ നിന്നും (₹110609446) 23-09-2020 ലെ ILGMS ലെ മുന്നിരിപ്പിലേക്ക് വരുമ്പോൾ (₹110375517) 2,33,929 രൂപയുടെ കുറവ് കാണുന്നുണ്ട്. താഴെ പറയുന്ന ശീർഷകങ്ങളിൽ വ്യത്യാസം കാണുന്നുണ്ട്.

| ഇനം | സാംഖ്യയിലെ നീക്കിയിരിപ്പ് | ILGMS ലെ മുന്നിരിപ്പ് |
|---|---|---|
| Panchayat Fund - General Fund | 59,49,282 | 9,010,290. |
| Excess Of Income Over Expenditure | 96,48,395 | 6,638,735 |
| Recoveries Payable - Covid | 590165 | 0 |
| Government And Other Dues Payable - Library Cess | 8544 | 8,633 |
| Receivables For Property Tax On Residential Buildings(Current) | 815776 | 813,998 |
| Receivables For Profession Tax - Professionals (Current) | 0 | -7,500 |
| Cash | 6300 | 126,643 |
| Recoveries Payable Covid | 560165 | 0 |
| Capital Contribution--Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats | 0 | 4,799 |
| Contributions For Joint Venture Projects (For Capital Expenditure) - From District Panchayats | 0 | 300,000 |

| | | |
|---|---|---|
| Fixed Assets | 124248397 | 123903403 |

18- ILGMS ൽ പുതുതായി ഉൾപ്പെടുത്തിയതും, ഒഴിവാക്കിയതുമായ ശീർഷകങ്ങൾ പരിഗണിക്കാതെ സാംഖ്യയിൽ Accumulated Depreciation എന്ന ഷെഡ്യൂളിൽ 22-09-2020 ലെ നീക്കിയിരിപ്പ് തുക മാറ്റം വരുത്താതെ ILGMS ൽ ഉൾപ്പെടുത്തുകയാണ് ചെയ്തത്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11942082 |
| വരവ് | 72166613 |
| ആകെ | 84108695 |
| ചെലവ് | 76443772 |
| നീക്കിയിരിപ്പ് | 7664923 |
| വരവ് നഷ്ടം | 500 |
| ചെലവ് നഷ്ടം | 15943 |
| തടസ്സപ്പെടുത്തിയ തുക | 747324 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (ജി.ഒ പ്രൊജക്ട് പ്രകാരമുള്ള ചെലവ് ഉൾപ്പടെ) | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 13319000 | 13319000 | 14615521 | (-)1296521 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 472000 | 472000 | 399500 | 72500 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 3882999 | 3882999 | 4230595 | (-)347596 |
| മെയിന്റനൻസ്, റോഡ് | 0 | 18435000 | 18435000 | 18435000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4460425 | 4460425 | 4460425 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക്ക് | 0 | 10128993 | 10128993 | 8204245 | 1924748 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 5840000 | 5840000 | 1212288 | 4627712 |
| ഐസിഡിഎസ്-കേന്ദ്രവിഹിതം | 1161673 | 0 | 1161673 | 700000 | 471673 |
| പശ്ചിമ ഘട്ട വികസന പദ്ധതി | 27465 | 882 | 28347 | 28347 | 0 |
| സമ്പൂർണ്ണ ശുചിത്വം | 133080 | 0 | 133080 | 0 | 133080 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1167136 | 1172218 | 2339354 | 192000 | 2147354 |

| | | | | | |
|---|---|---|---|---|---|
| എം ജി എൻ ആർ ജി എസ് | | | | | |
| തൊഴിലാളികളുടെ കൂലി | 0 | 58071000 | 58071000 | 58071000 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 526494 | 1590242 | 2116736 | 1817451 | 299285 |

വികസന ഫണ്ട്-ജനറൽ, എസ്.സി.പി എന്നിവ എ.സി.ആർ. പ്രകാരം വരവിൽ അധികം ചെലവ് കാണുന്നു. മറ്റ് ഗ്രാന്റ് തുകകൾ തനത് ഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുള്ള സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം തുകകളുടെ കൃത്യത ഉറപ്പിക്കുന്നതിന് സാധിച്ചിട്ടില്ല. ആയതിനാൽ മുഴുവൻ ഫണ്ടുകളും മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഗ്രാന്റ് വിനിയോഗ പത്രിക ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 212 | 102420533 | 169 | 63803203 | 38 | 126 | 5 | 74.55 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവഴിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9 | 9 | 3371740 | 2952203 | 87.55 |
| 2 | വെറ്റിനറി സർജൻ | 6 | 6 | 5295452 | 3380042 | 63.82 |
| 3 | മെഡിക്കൽഓഫീസർ(പി.എച്ച്.സി) | 9 | 9 | 1801400 | 1745238 | 96.88 |
| 4 | മെഡിക്കൽഓഫീസർ( ഹോമിയോ) | 1 | 1 | 150000 | 150000 | 100 |
| 5 | വി.ഇ.ഒ | 28 | 21 | 29448351 | 10204182 | 34.65 |
| 6 | ഐ സി ഡിഎസ് സൂപ്പർവൈസർ | 7 | 5 | 4367700 | 3546839 | 81.20 |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 2400000 | 2327656 | 96.98 |
| 8 | സെക്രട്ടറി | 25 | 21 | 6117228 | 4515525 | 73.81 |
| 9 | അസിഎഞ്ചിനീയർ | 106 | 80 | 45272396 | 31723056 | 70.07 |
| 10 | ഹെഡ് മാസ്റ്റർ | 8 | 6 | 889416 | 709328 | 79.75 |
| 11 | അസി സെക്രട്ടറി | 12 | 10 | 3306850 | 2549224 | 77.08 |
| | ആകെ | 212 | 169 | 102420533 | 63803293 | 62.29 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 526494 | 1590242 | 2116736 | 1817451 | 299285 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 58071000 | 58071000 | 58071000 | 0 |
| ആകെ | 526494 | 59661242 | 60187736 | 59888451 | 299285 |

## 1-6(1) തൊഴിലുറപ്പ് പദ്ധതി-അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട മെറ്റീരിയൽ വർക്കുകളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1.എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.

2.സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റിൽ ₹5000 വകയിരുത്തിയിട്ടുണ്ട്.അളവ് പുസ്തകം പ്രകാരം ₹3000 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപിച്ച ബോർഡിന്റെ സ്പെസിഫിക്കേഷൻ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

3.പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണ് പ്രവൃത്തി നടന്നതെന്ന് ഉറപ്പിക്കുന്നതിനുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല.

4.കോൺക്രീറ്റ് ചെയ്യുന്ന റോഡുകൾ സചിത്ര സോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്യുന്നില്ല.

5.ജി.എസ്.ടി. ആക്ട് സെക്ഷൻ 51 പ്രകാരം രണ്ടര ലക്ഷം രൂപയിൽ അധികരിക്കുന്ന കരാർ തുക വരുന്ന വാങ്ങൽ നടത്തുന്ന/സേവനം കൈപ്പറ്റുന്ന സംഗതികളിൽ ബില്ലിൽ/ഇൻവോയ്സിൽ കാണിച്ചിരിക്കുന്ന ടാക്സ് കഴിച്ചുള്ള തുകയുടെ 2% നിരക്കിൽ ടി.ഡി.എസ്. ആയി ജി.എസ്.ടി ഈടാക്കി അടവാക്കേണ്ടതുണ്ട്. എന്നാൽ ഇത്തരം പ്രൊജക്ടുകളിൽ ജി.എസ്.ടി ഈടാക്കിയതായി കാണുന്നില്ല.

6.കേരള ഫിനാൻസ് ആക്ട്, 2018 പ്രകാരം 1-4-2018 മുതൽ മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും 1959 ലെ കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000/- രൂപയ്ക്കും 1/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. കുറഞ്ഞത് 200/- രൂപയും പരമാവധി 1 ലക്ഷം രൂപയുമായി സ്റ്റാമ്പ് ഡ്യൂട്ടി നിജപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ രണ്ട് ലക്ഷം രൂപയിലധികമുള്ള കരാറുകൾക്ക് 200/ രൂപയുടെ മുദ്രപത്രത്തിലാണ് കരാർ ചമച്ചിട്ടുള്ളത്. ഇത് സർക്കാരിന് വരുമാന നഷ്ടം ഉണ്ടാക്കുന്നു

7.മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ സ ഉ (കൈ) നമ്പർ 93/12/തസ്വഭവ തീയതി 31.03.2012 (പേജ് 9) ൽ ദർഘാസ് പ്രമാണങ്ങളുടെ വില സംബന്ധിച്ച് 01.12.2008 ലെ ജി.ഒ(പി)നമ്പർ 540/2008/ ഫിൻ ഉത്തരവിന് അനുസൃതമായി 50000 രൂപ മുതൽ 1000000 രൂപ വരെയുള്ള വാങ്ങലുകൾക്ക് സാധന സാമഗ്രികളുടെ മൂല്യത്തിന്റെ 0.2% (100ന്റെ ഗുണിതങ്ങളിൽ), ചുരുങ്ങിയത് 400 രൂപ + ജി എസ് ടി ആയിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോറം വാങ്ങിയ കരാറുകാരിൽ നിന്നും 200+ 12% ജി എസ് ടി നിരക്കിൽ മാത്രമാണ് ടെണ്ടർ ഫാറം വില ഈടാക്കിയിട്ടുള്ളത്.

മേൽ അപാകങ്ങൾ പരിഹരിച്ച് പദ്ധതി നിർവ്വഹണം കുറ്റമറ്റതാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4715800 | 239 |
| തൊഴിൽരഹിത വേതനം | 8880 | 13 |
| വിധവാ പെൻഷൻ | 11368900 | 644 |

| | | |
|---|---|---|
| വാർധക്യകാല പെൻഷൻ | 38279200 | 2197 |
| വികലാംഗ പെൻഷൻ | 4437400 | 225 |
| അവിവാഹിത പെൻഷൻ | 619500 | 34 |
| വിവാഹ ധനസഹായം | 60000 | 2 |

## 1-7-1 മരണശേഷവും പെൻഷൻ തുക അനുവദിച്ചു

ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷം ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധിച്ചപ്പോൾ ഏതാനും ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അനുവദിച്ചിട്ടുണ്ടെന്ന് കാണാൻ സാധിച്ചു. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 11 തീയതി 28.06.2022) നൽകിയതിനെ തുടർന്ന് ഓഡിറ്റ് എൻക്വയറിയിലെ പട്ടികയിൽ പരാമർശിച്ച ചില ഗുണഭോക്താക്കൾക്ക് അധികമായി അനുവദിച്ച തുക തിരികെ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. തുക തിരികെ ഒടുക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | റിമാർക്സ് | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | ഗോവിന്ദൻ കെ എസ് | 111190202567 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 08/08/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 സെപ്റ്റംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 1,500 |
| 2 | ശ്രീധരൻ നായർ | 111190200359 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 09/08/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 സെപ്റ്റംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 1,500 |
| 3 | ആനി ജോസഫ് | 111190201065 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 20/09/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 നവംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 3,000 |
| ആകെ | | | | | | 6000 |

മരണശേഷം അനുവദിച്ച പെൻഷൻ തുക ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-06-2022 തീയ്യതിയിൽ 11.30a.m.-ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 250 /- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. തൻവർഷം 6/20, 7/20, 1/21 എന്നീ മാസങ്ങളിൽ രണ്ട് തവണ വീതവും 12/20 ൽ ഒരു തവണയുമാണ് ജീവനക്കാരുടെ യോഗം ചേർന്നിട്ടുള്ളത്. ചേർന്ന യോഗങ്ങളിൽ ഓഫീസ് പ്രവർത്തനം അവലോകനം ചെയ്തിട്ടില്ല. എല്ലാ മാസങ്ങളിലും ജീവനക്കാരുടെ യോഗം ചേർന്ന് ഓഫീസ് പ്രവർത്തനം അവലോകനം ചെയ്യേണ്ടതാണ്. സാമ്പത്തിക വർഷാവസാനം വിവിധ ബേങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ പാസ് ബുക്കിലെ തുകകളുമായി റീക്കൺസീലിയേഷൻ നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. വിവിധ സ്റ്റോക്ക് രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തുന്നില്ല. ടെണ്ടർ ഫോം ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ജോയിൻറ് വെഞ്ചർപദ്ധതികൾ, കേന്ദ്രാവിഷ്കൃതവിഹിതം, സംസ്ഥാനാവിഷ്കൃത വിഹിതം എന്നിവയിലെ ഫണ്ട് വിനിയോഗം നിരീക്ഷിക്കുന്നതിനായി എ സി ആർ സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗ രേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും മോണിറ്ററിംഗ് ഫലപ്രദമല്ല എന്നാണ് പദ്ധതികളുടെ ഫയൽ പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്. മോണിറ്ററിംഗ് ഫലപ്രദമാക്കേണ്ടതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 തുക പിൻവലിച്ചതിന്റെ വിശദാംശങ്ങൾ ബാങ്ക് ബുക്കിൽ ലഭ്യമായിട്ടില്ല

തനത് ഫണ്ടുമായി ബന്ധപ്പെട്ട ഇടപാടുകൾക്കായി ആലക്കോട് സർവീസ് സഹകരണ ബാങ്കിന്റെ കാർത്തികപുരം ബ്രാഞ്ചിൽ 002002000740 നമ്പർ അക്കൗണ്ട് പരിപാലിച്ച വരുന്നുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റും ബാങ്ക് ബുക്കും പരിശോധിച്ചതിൽ സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിച്ച നിരവധി തുകകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ വന്നിട്ടില്ലെന്ന് കാണാൻ സാധിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം | തുക | തുക പിൻവലിച്ച തീയതി |
|---|---|---|
| 12959 | 500 | 09.04.2021 |
| 13529 | 1000 | 09.04.2021 |
| 13530 | 1000 | 09.04.2021 |
| 13548 | 2000 | 09.04.2021 |
| 12572 | 2200 | 12.04.2021 |
| 13234 | 23760 | 12.04.2021 |
| 12535 | 1000 | 12.04.2021 |
| 13228 | 200000 | 13.04.2021 |
| 13226 | 360000 | 13.04.2021 |
| 13227 | 80000 | 13.04.2021 |
| 12547 | 220000 | 17.04.2021 |
| 12550 | 170000 | 17.04.2021 |
| 12546 | 580000 | 20.04.2021 |
| 12549 | 270000 | 20.04.2021 |
| 12540 | 45000 | 21.04.2021 |
| 12542 | 15000 | 21.04.2021 |
| 12541 | 62869 | 21.04.2021 |
| 12548 | 100000 | 21.04.2021 |
| 12544 | 24000 | 21.04.2021 |
| 12545 | 55840 | 21.04.2021 |
| 12543 | 500000 | 21.04.2021 |

| | | |
|---|---|---|
| 12574 | 6000 | 22.04.2021 |
| 12575 | 3788 | 22.04.2021 |
| 12567 | 4800 | 26.05.2021 |
| 11644 | 1782 | 28.05.2021 |
| 13274 | 100000 | 02.06.2021 |
| 13326 | 29002 | 02.06.2021 |
| 13535 | 1000 | 04.06.2021 |
| 13248 | 6569 | 04.06.2021 |
| 13275 | 355174 | 04.06.2021 |
| 13271 | 550 | 04.06.2021 |
| 13540 | 1000 | 04.06.2021 |
| 12528 | 2240 | 07.06.2021 |
| 12531 | 1400 | 09.06.2021 |
| 70127 | 700 | 10.12.2021 |
| 70144 | 1200 | 18.12.2021 |
| 70161 | 31574 | 07.01.2022 |
| 71984 | 43600 | 08.02.2022 |
| 70176 | 570 | 08.02.2022 |
| 71082 | 900 | 11.02.2022 |
| 71089 | 1200 | 15.02.2022 |
| 70567 | 24040 | 03.03.2022 |
| 70565 | 25540 | 03.03.2022 |
| 70566 | 24040 | 03.03.2022 |
| 70563 | 31460 | 03.03.2022 |
| 70564 | 25540 | 03.03.2022 |
| 70568 | 1505 | 07.03.2022 |
| 70571 | 1000 | 11.03.2022 |
| 70883 | 8252 | 24.03.2022 |
| 70998 | 331 | 02.04.2022 |
| 0132 | 1039 | 13.04.2022 |
| 1050 | 1050 | 18.04.2022 |
| 70561 | 260 | 21.04.2022 |
| 0133 | 5000 | 21.04.2022 |
| 0134 | 2200 | 27.04.2022 |
| 0100 | 24040 | 04.05.2022 |
| 0099 | 25540 | 04.05.2022 |
| 0098 | 25540 | 04.05.2022 |
| 0083 | 4363 | 07.05.2022 |
| 0096 | 8400 | 09.05.2022 |
| 0173 | 31460 | 01.06.2022 |
| 0178 | 10000 | 13.06.2022 |
| 0151 | 184000 | 15.06.2022 |
| 0152 | 29076 | 22.06.2022 |
| 0153 | 20404 | 24.06.2022 |

| | | |
|---|---|---|
| 0154 | 12250 | 25.06.2022 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30 തീയതി 29.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ബാങ്ക് ബുക്കിൽ വരാതെയുള്ള ചെലവ് അനുവദനീയമല്ല. ആയതിനാൽ ഇതു സംബന്ധിച്ച് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് നൽകേണ്ടതാണ്.

## 1-11 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടത്തെ നികുതിയിൽ നിന്ന് ഒഴിവാക്കി

സ.ഉ. (എം.എസ്) 358/15 തി.16.12.2015 പ്രകാരം 60 ച.മി വരെ വിസ്തീർണമുള്ള എല്ലാ വാസ ഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിടത്തിന് നികുതി ചുമത്തിയിട്ടില്ലെന്ന് കാണാൻ സാധിച്ചു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 3/8 | താഴത്തെ നില (118 ച മീ ) | വർഗ്ഗീസ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21 തീയതി 29.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടത്തിന് നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 1-12 വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് - സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.

സ.ഉ(കൈ) നം.106/2017/തസ്വഭവ തീയതി 26-05-2017 ലെ വ്യവസ്ഥ പ്രകാരം വിമുക്ത ഭടൻമാരുടെയും അവരുടെ ഭാര്യമാരുടെയും/വിധവകളുടെയും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വാസഗൃഹങ്ങളുടെ നികുതി ഇളവ് അനുവദിക്കാൻ ഓരോ വർഷവും മാർച്ച് 31 ന് മുൻപ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2020-21 വർഷം നികുതി ഇളവ് അനുവദിച്ച, ചുവടെ ചേർത്ത കെട്ടിട ഉടമകളിൽ നിന്നും സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| വാർഡ് നമ്പർ | കെട്ടിട നമ്പർ |
|---|---|
| 3 | 17 |
| 5 | 293 |
| 6 | 133 |
| 7 | 74 A |
| 9 | 283 A |
| 10 | 20, 391 A, 32 |
| 11 | 318 A |
| 12 | 214 A |
| 13 | 443 |
| 14 | 112 A, 123 A |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20 തീയതി 29.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ വ്യത്യാസം

ഉദയഗിരി ഗ്രാമപഞ്ചായത്തിൽ 2020-21 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ പ്രസ്തുത കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണെന്ന് കാണാൻ സാധിച്ചു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | വാർഡ്/കെട്ടിട നമ്പർ | ഉപയോഗ ക്രമം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 82 | യദുകൃഷ്ണ | ഗ്ലാസ്, ഫർണിച്ചർ, ഹാർഡ് വെയർ വിൽപന | VI/48 C | പാർപ്പിടം |
| 92 | ഫോൺ ബോൺ ലിയോൺ കോൺവെന്റ് | പ്രകൃതി ചികിത്സ & കൗൺസിലിംഗ് സെന്റർ | XIII/11 A | പാർപ്പിടം |
| 150 | ജിജോ തോമസ് | ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വിൽപന | XIII/26 | പാർപ്പിടം |
| 160 | ഭവാനി | ടെക്സ്റ്റൈൽ ഷോപ്പ് | XI/476 | പാർപ്പിടം |
| 169 | ഷൈനി ഷാജി | ബ്യൂട്ടി പാർലർ | XI/190 A | പാർപ്പിടം |
| 178 | ജോസഫ് എം ടി | ഗൃഹോപകരണ വിൽപന | VI/467 | പാർപ്പിടം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9 തീയതി 27.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ കെട്ടിടങ്ങളിൽ നിന്ന് പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് അനുവദിക്കുമ്പോൾത്തന്നെ സ്ഥാപനം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ വസ്തുനികുതി അനുയോജ്യമായ ഉപയോഗ ഗണത്തിലാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 അനധികൃത കെട്ടിട നിർമ്മാണം - അപാകങ്ങൾ

സഞ്ചയ പ്രകാരം ഉദയഗിരി ഗ്രാമ പഞ്ചായത്തിൽ മൂന്ന് അനധികൃത കെട്ടിടങ്ങളാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഉപയോഗ ക്രമം |
|---|---|---|---|
| 1 | VI/154 B | ഷക്കീന | പാർപ്പിടാവശ്യം |
| 2 | XIII/365 A | സുകുമാരൻ | പാർപ്പിടാവശ്യം |
| 3 | XIV/68 A | സുരേന്ദ്രബാബു | പാർപ്പിടാവശ്യം |

ഇതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 തിയതിയിലെ 29342/ആർ.എ1/2014/തസ്വഭവ നമ്പർ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ പരിപാലിച്ചു വരുന്നില്ല. ആയതിനാൽ ഈ കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങളുടെയും അവ പരിഹരിക്കപ്പെട്ടതിന്റെയും വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവയൊന്നും വ്യക്തമല്ല.

2) സഞ്ചയ പ്രകാരം മേൽ പട്ടികയിലെ ക്രമ നമ്പർ 3 ലെ കെട്ടിടത്തിന് 2015 മുതൽ 2018 വരെയുള്ള കാലയളവിൽ വസ്തു നികുതി ഇനത്തിൽ 2977 രൂപ കുടിശ്ശിക ഉള്ളതായി കാണുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18 തീയതി 29.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 ലെ നം.29342/RA1/2014/ത.സ്വ.ഭ.വ സർക്കുലറിന്റെ അനുബന്ധം 1 ൽ ചേർത്തിട്ടുള്ള മാതൃകയിൽ അനധികൃത നിർമ്മാണ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ നിലവിലുള്ള അനധികൃതകെട്ടിടങ്ങളുടെ ചട്ടലംഘനങ്ങളുടെ വിവരങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങളും മേൽ പട്ടികയിലെ ക്രമ നമ്പർ 3 ലെ കെട്ടിടത്തിന്റെ വസ്തുനികുതി ഇനത്തിലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| വാർഡ് നം./ കെട്ടിട നം. | മൊബൈൽ ടവറിന്റെ വിവരം | വസ്തുനികുതി (രൂപ) | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 6/268 | റിലൈൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 9064 | 2013-14 മുതൽ കുടിശ്ശിക |
| 11/442 | GTL ഇൻഫ്രാസ്ട്രക്ച്ചർ | 5040 | 2013-14 മുതൽ കുടിശ്ശിക |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10 തീയതി 28.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഇനത്തിലുള്ള തുക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 മൊബൈൽ ടവർ പെർമിറ്റ് നൽകിയത് - അപാകം

കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019, റൂൾ 130 പ്രകാരം മൊബൈൽ ടവറുകളുടെ പെർമിറ്റ് കാലാവധി ഒരു വർഷമാണ്. പെർമിറ്റ് കാലാവധി നീട്ടിക്കിട്ടുന്നതിന് അതിന്റെ സാധുതാ കാലാവധിയിൽ തന്നെ അപേക്ഷിക്കുന്ന പക്ഷം അസൽ പെർമിറ്റ് ഫീസിന്റെ 50% ഈടാക്കി പെർമിറ്റ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ ചുവടെ ചേർത്ത മൊബൈൽ ടവറിന്റെ പെർമിറ്റ് കാലാവധി അവസാനിച്ചിട്ടും പെർമിറ്റ് പുതുക്കുകയോ ടവറിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ല.

| ക്രമ നം | അപേക്ഷ നമ്പർ | മൊബൈൽ ടവറിന്റെ/ ഉടമയുടെ വിവരം | പെർമിറ്റ് നമ്പർ/തീയതി |
|---|---|---|---|
| 1 | 401044/309 തീയതി 28/09/2020 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | A2-309/2020 Dated 22.10.2020 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13 തീയതി 28.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് കാലാവധി അവസാനിച്ച സാഹചര്യത്തിൽ സ്ഥാപനം അനധികൃതമായി ടവർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ എന്ന പരിശോധിക്കേണ്ടതും അതിനനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയതിലെ അപാകതകൾ

ഉദയഗിരി ഗ്രാമ പഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1) പഞ്ചായത്തുമായി 2020-21 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവർത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2) പാലിയേറ്റീവ് ആവശ്യങ്ങൾക്കു നിയമിച്ച ഡ്രൈവർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3) ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4) ഗ്രാമ പഞ്ചായത്ത് 2020-21 വർഷം വിവിധ ആവശ്യങ്ങൾക്ക് ദിവസ വേതനത്തിന് നിയമിച്ച ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14 തീയതി 28.06.2022) മറുപടിയായി കോവിഡ് 19 രോഗവ്യാപനം കാരണം 2020-21 വർഷം അറുപതോ അതിൽ കൂടുതലോ ദിവസം പഞ്ചായത്തിൽ മരാമത്ത് പ്രവർത്തികൾ നടന്നിട്ടില്ലെന്നും ആയതിനാൽ കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കേണ്ടി വന്നിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തിൽ ദിവസ വേതനത്തിനായി നിയമിച്ച ഡ്രൈവറിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. പാലിയേറ്റീവ് ആവശ്യങ്ങൾക്കു നിയമിച്ച ഡ്രൈവർമാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-18 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കുന്നതിനായി/ പുതുക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഭൂരിപക്ഷം അപേക്ഷകളിലും അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ/ അന്വേഷണ റിപ്പോർട്ട് ഇല്ലാതെ തന്നെ ലൈസൻസ് ഫീസ് നിശ്ചയിച്ച കാണുന്നു. അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6 തീയതി 27.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഈടാക്കേണ്ട ഫീസ് രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഫീൽഡ്തല അന്വേഷണ റിപ്പോർട്ട് ഭൂരിഭാഗം അപേക്ഷകളിലും രേഖപ്പെടുത്തുന്നില്ല. ഫീൽഡ് തല അന്വേഷണ റിപ്പോർട്ടും അത് പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-19 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകതകൾ

ഉദയഗിരി ഗ്രാമ പഞ്ചായത്തിലെ ഉൽപ്പാദന മേഖലയിലെയും സേവന മേഖലയിലെയും സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളായി തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കി വരുന്നത്. ഇത് പ്രകാരം സേവന മേഖലയിലെ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് നിശ്ചയിച്ചിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

| മൂലധന ചെലവ് | ലൈസൻസ് ഫീസ് |
|---|---|
| ഒരു ലക്ഷം വരെ | 100 |
| 1 ലക്ഷത്തിന് മുകളിൽ 2 ലക്ഷം വരെ | 200 |
| 2 ലക്ഷത്തിന് മുകളിൽ 3 ലക്ഷം വരെ | 300 |
| 3 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ | 500 |

2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കിയ ലൈസൻസ് ഫീസ് കുറവാണെന്ന് കാണാൻ സാധിച്ചു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ | സംരംഭം | മൂലധന നിക്ഷേപം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടിയിരുന്ന ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| 7 | ജിസ് കര്യാക്കോസ് | 9/42 A | അനാദിക്കച്ചവടം | 2.5 ലക്ഷം | 200 | 300 | 100 |
| 180 | മാത്യു ടി എം | 2/470 | ഓയിൽ & ഫ്ലോർ മിൽ | രേഖപ്പെടുത്തിയിട്ടില്ല | 200 | 300 (അന്വേഷണ റിപ്പോർട്ട് പ്രകാരം) | 100 |
| 222 | ജിനി ജോസഫ് | 10/143 | സ്റ്റേഷനറി | 2.5 ലക്ഷം | 200 | 300 | 100 |
| ആകെ | | | | | | | 300 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7 തീയതി 27.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുകകൾ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-20 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്

ഉദയഗിരി പഞ്ചായത്തിൽ വാണിജ്യ/വ്യവസായ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 $M^2$ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 837 |
| 2 | 100 $M^2$ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 105 |
| 3 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യൂവൽ സ്റ്റേഷൻ, തുടങ്ങിയവ | 35 |
| 4 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്ല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 31 |
| 5 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 85 |
| 6 | ഇതര വ്യവസായങ്ങൾക്കുള്ളവ | 15 |
| 7 | റിസോർട്ടുകൾ | 4 |
| | ആകെ | 1112 |

വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി 1112 കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ 2020-21 വർഷം എഫ് ടി ഇ ആന്റ് ഒ എസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 1112 കെട്ടിടങ്ങളിൽ 243 കെട്ടിടങ്ങൾ മാത്രമേ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളൂ. 235 സ്ഥാപനങ്ങൾ മാത്രമെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ. ഈ പൊരുത്തക്കേടുകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12 തീയതി 27.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമാകാനും സാധ്യതയേറെയാണ്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിച്ച് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-21 ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്തീരാജ് വകുപ്പ് 232, 2012-ലെ കേരള പഞ്ചായത്തീരാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7(2) പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഫോറം 3 ൽ നൽകുന്ന ലൈസൻസ് കൂടാതെ ഫാമുകൾ നടത്തുന്നത് അനുവദനീയമല്ല. ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ ഒരു ഫാമുകൾക്കും ലൈസൻസ് അനുവദിച്ചിട്ടില്ല. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും പരിശോധിച്ചതിൽ (ഫോറം 6) നിരവധി ഫാമുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് കാണാൻ സാധിച്ചു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | ഉപയോഗ ക്രമം |
|---|---|---|---|
| 1 | ഷൈജു | 1/163 B | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 2 | ജോസഫ് | 2/228 A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - ലൈവ്സ്റ്റോക്ക് ഷെഡ് |
| 3 | മേരി | 2/260 A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - ലൈവ്സ്റ്റോക്ക് ഷെഡ് |
| 4 | മാത്യു | 2/286 A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - ലൈവ്സ്റ്റോക്ക് ഷെഡ് |
| 5 | മോളത്ത് ജോർജ്ജ് | 2/297 A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - ലൈവ്സ്റ്റോക്ക് ഷെഡ് |

| | | | |
|---|---|---|---|
| 6 | പുതിയാറമ്പത്ത് അസ്മ | 4/119 D | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
